


വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുണ്ടാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിന്തയാവട്ടെ, ചിത്രമാവട്ടെ - ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ - 686 575



# കുഞ്ഞുമനസ്സുകളിൽ നിറക്കൂട്ട് ചാർത്തുന്നവർ



**അ**ധ്യാപനം വെറുമൊരു ഉപജീവനമാർഗമല്ല; മറിച്ച്, നാടിന്റെ നന്മയ്ക്കും സമൂഹത്തിന്റെ വളർച്ചയ്ക്കുമുള്ള കരുതൽകൂടിയാണെന്നു ലോകത്തോടു വിളിച്ചുപറഞ്ഞ പാലാ സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷനിലെ അധ്യാപകവിദ്യാർത്ഥികളുടെ വിശേഷങ്ങളിലേക്ക്.....

അധ്യയനവർഷം ഇങ്ങെത്താറായി. കൊച്ചുകുട്ടികളെ വരവേല്ക്കാൻ സ്കൂളുകൾ അണിഞ്ഞൊരുങ്ങുന്ന കാഴ്ചയാണെവിടെയും. ബലൂണുകളും പൂക്കളും അലങ്കാരങ്ങളുമൊക്കെയായി കുട്ടികളെ സന്തോഷിപ്പിക്കാനുള്ള തിടുക്കത്തിലാണ് സ്കൂൾ അധികൃതരും. ഇതിനിടെ, അലങ്കാരങ്ങൾക്കപ്പുറം കുട്ടികളുടെ മനം കവരുന്ന നിറക്കൂട്ടിനുള്ളിൽ പുത്തൻ പഠനരീതി ഒളിപ്പിച്ചുവച്ചു നാടിനുതന്നെ മാതൃകയാവുകയാണ് പാലായിലെ ഒരു കൂട്ടം അധ്യാപകവിദ്യാർത്ഥികൾ.

## കുട്ടിക്കൂട്ടുകാരെ വരവേൽക്കാൻ

ആനക്കുട്ടിയും അണ്ണാറക്കണ്ണനും ആമച്ചേട്ടനും മുയലച്ഛനും തവളയും തത്തമ്മപ്പെണ്ണും പൂക്കളും ഇലകളും ചിത്രശലഭങ്ങളും കുട്ടികളുടെ ഇഷ്ടതാരങ്ങളായ മിക്കി മൗസും ഡോറായും ബുജിയുമൊക്കെ ഒരുക്കിയാണു നിറക്കൂട്ട് പ്രവർത്തകർ സ്കൂൾ ചുമരുകൾ മനോഹരമാക്കുന്നത്.

ഇവ കേവലം ചിത്രകഥകളിലെ കഥാപാത്രങ്ങളാണെന്നു തോന്നിയാൽ നമുക്കു തെറ്റി. നിറക്കൂട്ടുകൾക്കുള്ളിൽ അക്ഷരങ്ങളും അക്കങ്ങളും സൂത്രവാക്യങ്ങളും ഒളിപ്പിച്ച പുത്തൻ പഠനരീതിയാണ്. കണക്കുപട്ടികയും എണ്ണൽസംഖ്യകളും അക്ഷരങ്ങളും പദ്യവും സൂത്രവാക്യങ്ങളുമെല്ലാം ഈ ചിത്രങ്ങളിൽ കൗതുകമുയർത്തി നില്ക്കുന്നുണ്ട്.

തങ്ങൾക്കിഷ്ടപ്പെട്ട കഥാപാത്രങ്ങൾക്കൊപ്പം എഴുതിയിട്ടിരിക്കുന്ന അക്ഷരമാലകൾ പലതവണ വായിക്കുന്നതുവഴി കുട്ടികളതു മനപ്പാഠമാക്കും.

അല്പം മുതിർന്ന കുട്ടികൾക്കുവേണ്ടിയാകട്ടെ അസ്ഥികൂടവും മനുഷ്യശരീരഭാഗങ്ങളും അവർ കാണുന്ന ചുമരുകളിൽ മനോഹരമായി വരച്ച് അടയാളപ്പെടുത്തിയിട്ടുണ്ടാകും. പലതവണ കാണുന്നതുവഴി അതും മനപ്പാഠമാകും. ചിത്രകലയെത്തന്നെ പഠനഭാഗമാക്കുകയും സ്കൂൾ ചുമരുകൾ മനോഹരമാക്കുകയും ചെയ്യുന്ന വ്യത്യസ്തമായ പ്രോജക്ടാണിത്.

'നിറക്കൂട്ട്' എന്നു പേരിട്ടിരിക്കുന്ന ഇവരുടെ പുത്തൻ പഠനരീതിയും സാമൂഹികപ്രതിബദ്ധതയും ഇതിനോടകം ജനശ്രദ്ധ നേടിക്കഴിഞ്ഞു. മോഡൽ സ്കൂളായ പാലാ സെന്റ് തോമസ് ഹൈസ്കൂളിന്റെ ചുമരിലാണ് ആദ്യം ചിത്രം വരച്ചിട്ടത്. സംഗതി ഹിറ്റായതോടെ നിറക്കൂട്ടിനെ അന്വേഷിച്ച് നിരവധി സ്കൂളുകളാണെത്തിയത്. ഇതുവരെ പതിനാലു സ്കൂളുകൾ നിറക്കൂട്ട് ചിത്രങ്ങൾ വരച്ചു മനോഹരമാക്കിക്കഴിഞ്ഞു.

അവഗണനമൂലം ജീർണാവസ്ഥയിലായ സർക്കാർ സ്കൂളുകളാണ് മനോഹരമാക്കിയതിലേറെയും. ഇതോടൊപ്പം പൂന്തോട്ടനിർമാണവും ഇവർ നടത്തുന്നുണ്ട്. സ്കൂൾകുട്ടികളിലെ സർഗാത്മകത, പഠനതാത്പര്യം എന്നിവ വളർത്താനുതകുന്ന പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനൊപ്പം അധ്യാപകവിദ്യാർത്ഥികളിൽ സർഗശേഷിയും സാമൂഹികപ്രതിബദ്ധതയും വളർത്തുകയെന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണെന്ന് പ്രിൻസിപ്പൽ ഡോ.ടി.സി. തങ്കച്ചൻ പറഞ്ഞു.

മാതൃഭാഷാപോഷകസമിതി രക്ഷാധികാരിയും അക്ഷരസമരത്തിന്റെ അമരക്കാരനുമായ ഡോ. തോമസ് മൂലയിൽ അച്ചന്റെ നിർദേശങ്ങളും മേൽനോട്ടവും പദ്ധതി മികവുറ്റതാക്കാൻ സഹായിച്ചിട്ടുണ്ടെന്നു നിറക്കൂട്ട് അംഗങ്ങൾ പറയുന്നു.

രണ്ടും മൂന്നും ലക്ഷം രൂപ ചെലവിൽ മറ്റുള്ളവർ വരയ്ക്കുന്ന മതിലുകൾ ഇവരുടെ കൈകളിലെത്തിയാൽ പെയിന്റു വാങ്ങാനുള്ള പണം മാത്രമേ ചെലവാകുന്നുള്ളൂ. കിട്ടുന്നതോ പഠനത്തിന്റെ മറ്റൊരു ലോകവും.

കോളജ് പ്രിൻസിപ്പൽ ഡോ. ടി. സി. തങ്കച്ചൻ, വൈസ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ബീനാമ്മ മാത്യു, പ്രൊജക്ട് ഇൻ ചാർജ് ഡോ. അലക്സ് ജോർജ്, സ്റ്റുഡന്റ് കോ ഓർഡിനേറ്റർമാരായ സോജോ ജോൺ, എസ്. ലക്ഷ്മി, ഡെൻസി ജോൺ, സ്നേഹാ ജയകുമാർ, ലിജിൻ പുല്ലേംകുന്നേൽ എന്നിവരുടെ നേതൃത്വത്തിലാണ് ഈ വർണവിസ്മയമൊരുങ്ങുന്നത്.

■ കെ.ജി. രഞ്ജിത്ത്



ആൻ മരിയ തോമസ്
പ്ലസ് വൺ
സെന്റ് മേരീസ് എച്ച്.എസ്.എസ്.
പാലാ

നാം വാഹനങ്ങളിൽ യാത്ര ചെയ്യുമ്പോൾ മരങ്ങൾ പിറകിലേക്കു സഞ്ചരിക്കുന്നത് ഏവരും ശ്രദ്ധിച്ചിട്ടുള്ളതാണല്ലോ. ജീവിതത്തിൽ നമ്മുടെ കൈയിൽ നിൽക്കാത്തതും നമുക്കു പിടിച്ചുനിറുത്താൻ കഴിയാത്തതുമായ ഒരുപാടു കാര്യങ്ങളുണ്ടെന്ന് അതു നമ്മെ ഓർമിപ്പിക്കുന്നു. നിസ്സാരകാര്യമാണ് അതെന്നു തോന്നിയേക്കാം. പക്ഷേ, വാസ്തവം അതാണ്. സമയവും ആരോഗ്യവും ജീവിതത്തിൽ നമുക്കു ലഭിച്ചിട്ടുള്ള നിധികളാണല്ലോ.

# എല്ലാം ശുഭമാകും



ഇവ അമൂല്യമാകുന്നത് എപ്പോഴാണെന്ന് അറിയാമോ? രണ്ടും ശരിയായ കാര്യത്തിനു വിനിയോഗിക്കുമ്പോൾ. ജീവിതത്തിൽ വന്നുപോയ പിഴവുകളെ തിരുത്താനുള്ള അവസരമായി ഇവ മാറിയേക്കാം.

നമ്മുടെ ശരികളെ എല്ലാവർക്കും മനസ്സിലാക്കാൻ കഴിഞ്ഞെന്നു വരില്ല. എന്നാൽ, തീർച്ചയായും അതിന്റെ ഉദ്ദേശ്യശുദ്ധി ഒരുനാൾ ഏവരും തിരിച്ചറിയും. കാരണം, ലോകത്തു നടന്നതും നടന്നുകൊണ്ടിരിക്കുന്നതും ഇനി നടക്കാനിരിക്കുന്നതുമായ എല്ലാത്തിനും ഒരു കാരണമുണ്ട്. ആ കാരണമാണു മാറ്റങ്ങളെ സൃഷ്ടിക്കുന്നത്. ചിലപ്പോൾ അതു നമ്മെ വേദനിപ്പിച്ചേക്കാം, ബുദ്ധിമുട്ടുകൾ ഏറിയേക്കാം. എന്നാൽ, ഇതെല്ലാം നല്ലതിനുവേണ്ടിയാണെന്നു നമുക്ക് ഒരുനാൾ തിരിച്ചറിയാൻ സാധിക്കും. അതേ, എല്ലാം ശുഭമാകും തീർച്ച. ■

# പ്രകൃതിയുടെ നിലനില്പ് നമ്മുടെ കരങ്ങളിൽ





റോസ്മി തോമസ്
Bank Coaching
PT College, Ettumannoor

പരിസ്ഥിതിയുടെ പ്രാധാന്യം ഓർമിക്കാനും പുതിയ തലമുറയ്ക്ക് അവബോധം നൽകാനുമാണ് പരിസ്ഥിതിദിനം ആചരിക്കുന്നത്. ഈ ഭൂമി വരുംതലമുറയ്ക്ക് ഉപകാരപ്രദമായ രീതിയിൽ നിലനിർത്താൻ ആവശ്യമായ നടപടികൾ ആഗോളതലത്തിൽ ചർച്ച ചെയ്യുകയും നടപ്പാക്കുകയുമാണ് ലോകപരിസ്ഥിതി ദിനാചരണത്തിന്റെ ഉദ്ദേശ്യം.

ആഗോളതാപനം, സമുദ്രമലിനീകരണം, ജനസംഖ്യാപ്പെരുപ്പം, വന്യജീവികളുടെ സംരക്ഷണം, സുസ്ഥിര ഉപഭോഗം തുടങ്ങിയ പരിസ്ഥിതിപ്രശ്നങ്ങളെക്കുറിച്ച് ഈ ദിനത്തിൽ ഗൗരവമായി ചർച്ചകൾ നടക്കുന്നു.


പ്രകൃതിയുടെനാശത്തിനുവലിയതോതിൽകാരണമാകുന്നതാണ് മലിനീകരണം. ഇന്നു ലോകം നേരിടുന്ന ഏറ്റവും വലിയ പരിസ്ഥിതിപ്രശ്നവും ഇതുതന്നെ. ജലവും മണ്ണും വായുവും ആവാസവ്യവസ്ഥയെ തകർക്കുന്ന വിധത്തിൽ മലിനമായിക്കഴിഞ്ഞു. മുൻതലമുറ നമുക്കുവേണ്ടി കാത്തുസൂക്ഷിച്ചിരുന്ന ജീവിതാവസ്ഥകൾ വരും തലമുറയ്ക്കു കൈമാറ്റം ചെയ്യാൻ ഇന്നത്തെ ആളുകൾ തയ്യാറാകുന്നില്ല. വീണ്ടുവിചാരമില്ലാതെ ജലസ്രോതസ്സുകളിലേക്കു വലിച്ചെറിയുന്ന പ്ലാസ്റ്റിക്കും മറ്റു മാലിന്യങ്ങളും ജലമലിനീകരണത്തിനു വഴിയൊരുക്കുന്നു. വാഹനങ്ങളിൽനിന്നും ഫാക്ടറികളിൽനിന്നും വമിക്കുന്ന മറ്റുവിഷവാതകങ്ങളും വായുമലിനീകരണത്തിനു കാരണമാകുന്നു. രാസ- അജൈവ മാലിന്യങ്ങൾ കൊണ്ട് മണ്ണ് മലിനമാകുന്നു. ഉപയോഗശൂന്യമായ ഉപഗ്രഹങ്ങൾമൂലം ബഹിരാകാശവും മലിനമായിരിക്കുന്നു.

ഭൂമി നമ്മുടെ പൊതുഭവനമാണ്. അതിനെ വൃത്തിയായും വെടിപ്പായും സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. പരിസ്ഥിതി സന്തുലിതമാകണമെങ്കിൽ വനസമ്പത്ത് ധാരാളമുണ്ടായേ തീരൂ. ഓരോ പരിസ്ഥിതിദിനത്തിലും വനവത്കരണം എന്ന പേരിൽ നാടുനീളെ ആഘോഷപ്രഹസനങ്ങൾ നടക്കാറുണ്ട്. ഫോട്ടോയെടുത്തു പത്രങ്ങളിലും സമൂഹമാധ്യമങ്ങളിലും പ്രസിദ്ധപ്പെടുത്തുന്നതുവരെയേ ഇത്തരം ആഘോഷങ്ങൾക്ക് ആയുസ്സുണ്ടാവാറുള്ളൂ. അത് സർക്കാരിന്റെ നേതൃത്വത്തിലുള്ള വനം വകുപ്പിന്റെ സംരംഭമായാലും, സന്നദ്ധ, സാംസ്കാരിക സംഘടനകളുടേതായാലും സ്ഥിതി തഥൈവ. ആ വൃക്ഷത്തൈകൾക്കു പിന്നീട് എന്തു സംഭവിക്കുന്നുവെന്ന് അതു നട്ടവർപോലും ചിന്തിക്കാറില്ല. കഴിഞ്ഞ കുറെ വർഷങ്ങളിൽ ഇപ്രകാരം നട്ട മരങ്ങൾ സംരക്ഷിക്കപ്പെട്ടിരുന്നെങ്കിൽ കേരളം ഇപ്പോൾ ഒരു കാടായി മാറിയേനേ. പുതിയ മരങ്ങൾ നട്ടുപിടിപ്പിച്ചില്ലെങ്കിലും സാരമില്ല, ഉള്ളവ വെട്ടിനശിപ്പിക്കാതിരിക്കുകയെങ്കിലും വേണം. നമ്മുടെ മുൻ തലമുറ കാണിച്ച അനാസ്ഥ നാം തുടരരുത്. പ്രകൃതിയുടെയും ഭൂമിയുടെ തന്നെയും നിലനില്പ് നമ്മുടെ കരങ്ങളിലാണ്. പരിസ്ഥിതിയെ സംരക്ഷിക്കാൻ വിദ്യാർത്ഥികൾ മുൻകൈയെടുക്കണം. എല്ലാവർക്കും ലോകപരിസ്ഥിതിദിനാശംസകൾ. ■

# വായനയുടെ കൈത്തിരികളാവണം



വിദ്യ വിജയകുമാർ
എം.എ. ഭാഷാശാസ്ത്രം
മലയാളം സർവകലാശാല
തിരൂർ



വായന എന്നു കേൾക്കുമ്പോൾ ആദ്യം മനസ്സിലേക്കു വരിക,

'വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ചു വളർന്നാൽ വിളയും
വായിക്കാതെ വളർന്നാൽ വളയും'

എന്ന കുഞ്ഞുണ്ണിക്കവിതയാണ്. കവിത കുട്ടികൾക്കുള്ളതാണെങ്കിലും മാനവകുലത്തിനു മുഴുവനും വേണ്ട മഹത്തായ ഒരു സന്ദേശമാണ് ആ വരികളിലടങ്ങിയിരിക്കുന്നത്. വായന അന്യമായിക്കൊണ്ടിരിക്കുന്നു എന്നു വിലപിക്കുന്ന ഇന്നത്തെ സമൂഹത്തിൽ മറ്റു പല ദിനാചരണകോലാഹലങ്ങളുംപോലെ വായനദിനവും കടന്നുപോകുന്നു. ഭാഷാധ്യാപകരിലോ ഭാഷാവിദ്യാർത്ഥികളിലോ മാത്രമൊതുങ്ങിപ്പോകുന്നു ഇക്കാലത്തെ വായനദിനാഘോഷങ്ങൾ.

വാളിനെക്കാൾ മൂർച്ചയുണ്ട് വാക്കുകൾക്ക്. അതുകൊണ്ടുതന്നെ, വാക്കുകൾ ഇഴ ചേർത്തുവച്ച പുസ്തകങ്ങളുടെ വായന മനുഷ്യന്റെ മാനസികവളർച്ചയെ സഹായിക്കുന്നു. ലോകം എത്ര മാറിയാലും വായനയുടെ പ്രാധാന്യം കുറയുന്നില്ല. ഓരോ കാലത്തെയും സാഹചര്യങ്ങൾക്കനുസരിച്ച് വായനയുടെ രീതികൾ മാറിയേക്കാം. നാട്ടിൻപുറങ്ങളിലെ വായനശാലകളായിരുന്നു പഴയ തലമുറയിലെ ആളുകളുടെ വായനവേദി. അവിടെയുള്ള പുസ്തകങ്ങൾ വായിച്ചും അറിവു പങ്കിട്ടുമാണ് മുൻതലമുറ വിജ്ഞാനത്തിന്റെ വിശാലലോകത്തേക്കു നടന്നുകയറിയിരുന്നത്. എന്നാൽ, കാലം മാറിയപ്പോൾ ഇത്തരം വായനശാലകളുടെ പ്രാധാന്യം കുറഞ്ഞു. വായനയുടെ രീതിയിൽത്തന്നെ ചില മാറ്റങ്ങൾ വന്നു.

മറ്റു പല രംഗങ്ങളിലുമെന്നതുപോലെ വായനയുടെ രംഗത്തേക്കും സ്വാർത്ഥത കടന്നുവന്നു. വായനശാലയിലെ പുസ്തകങ്ങളിൽനിന്നു കിട്ടുന്ന അറിവു പരസ്പരം പങ്കുവച്ചിരുന്ന കാലഘട്ടവും തലമുറയും അന്യമായി കഴിഞ്ഞു. പുതുതലമുറയിലെ പുത്തൻ പണക്കാർ ഷോക്കേസുകളിൽ വാങ്ങിവയ്ക്കുന്ന പുസ്തകങ്ങളിൽ വായന അവസാനിക്കുന്നു. അത്തരം വായനക്കാരെ സി.വി. ബാലകൃഷ്ണൻ ലൈബ്രേറിയൻ എന്ന തന്റെ ഗ്രന്ഥത്തിൽ വരച്ചുകാണിക്കുന്നുണ്ട്.

പുതിയ തലമുറ വായനയിൽ അല്പം പിറകിലാണെന്നു പൊതുവെ വിലയിരുത്തലുണ്ടെങ്കിലും പുസ്തകങ്ങളെ ഡിജിറ്റൽ രൂപത്തിൽ പലരും സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. എല്ലാം വിരൽത്തുമ്പിൽ കിട്ടുന്ന ഇക്കാലത്ത് ഒരു പുസ്തകത്തിനുവേണ്ടി മാറ്റിവയ്ക്കാൻ പണമോ സമയമോ ഇല്ലെന്നതും വാസ്തവം. മാർഗം ഏതായാലും വായന മരിക്കുന്നില്ലെന്ന് ആശ്വസിക്കാം.

പി.എൻ. പണിക്കരുടെ ചരമദിനമായ ജൂൺ പത്തൊമ്പതാണ് നാം വായനദിനമായി ആചരിക്കുന്നത്. നമ്മുടെ നാടിനെ ജ്ഞാനപ്രകാശത്തിലേക്കു നയിച്ച 'സൂപ്പർ വൈസ് ചാൻസലർ' എന്നാണ് സുകുമാർ അഴീക്കോട് പി എൻ പണിക്കരെ വിശേഷിപ്പിച്ചത്. ഗ്രന്ഥശാലാസംഘവും സാക്ഷരതായജ്ഞവും കേരളസമൂഹത്തിൽ സൃഷ്ടിച്ച നവോത്ഥാനത്തിന്റെ അമരക്കാരനായിരുന്നു പി.എൻ. പണിക്കർ. കൂട്ടുകാർക്കൊപ്പം വീടുകൾ കയറി പുസ്തകങ്ങൾ ശേഖരിച്ച് ജന്മനാട്ടിൽ ആരംഭിച്ച സനാതനധർമം എന്ന ചെറിയ വായനശാലയിലൂടെയായിരുന്നു അദ്ദേഹത്തിന്റെ ജൈത്രയാത്രയുടെ തുടക്കം. അന്നു തെളിച്ച വായനയുടെ ആ ചെറിയ കൈത്തിരിയാണ് ഇന്നു കേരളത്തിലാകെ പടർന്നുകിടക്കുന്ന ഗ്രന്ഥശാലകളെന്ന സിരാപടലത്തിന് അടിസ്ഥാനമായത്.

ആലപ്പുഴ ജില്ലയിലെ നീലംപേരൂരിൽ 1909 മാർച്ച് ഒന്നിനാണ് പി.എൻ. പണിക്കർ ജനിച്ചത്. പുതുവായിൽ ഗോവിന്ദപ്പിള്ളയും ജാനകിയമ്മയുമായിരുന്നു മാതാപിതാക്കൾ. ചെറുപ്പത്തിലേ വായനയ്ക്കായി ഉഴിഞ്ഞുവച്ച ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. ഊണും ഉറക്കവുമൊഴിച്ച് വായിച്ചുവളർന്ന അദ്ദേഹം വീടുകൾ തോറും കയറിയിറങ്ങി പുസ്തകങ്ങൾ ശേഖരിച്ച് വായനശാല ഉണ്ടാക്കുമ്പോൾ പതിനേഴു തികയുന്നതേ ഉണ്ടായിരുന്നുള്ളൂ. ഇതാണ് പിന്നീട് സനാതനധർമവായനശാലയായി പ്രസിദ്ധമായത്. കേന്ദ്രീകൃത സംവിധാനമില്ലാതെ പ്രവർത്തിച്ചിരുന്ന സംസ്ഥാനത്തെ ആയിരക്കണക്കിനു ഗ്രന്ഥശാലകളെ കേരള ഗ്രന്ഥശാലാസംഘത്തിനു കീഴിൽ കൊണ്ടുവരാനും അദ്ദേഹത്തിനു സാധിച്ചു. അതുകൊണ്ടുതന്നെ, ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ നായകൻ എന്ന പേരിലാണ് പി.എൻ. പണിക്കർ അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ നിരന്തരമായ ശ്രമങ്ങളുടെ ഫലമായാണ് കേരള പബ്ലിക് ലൈബ്രറീസ് ആക്ട് ഗവൺമെന്റ് പാസാക്കിയത്. അദ്ദേഹത്തിന്റെ ഏറെ നാളത്തെ സ്വപ്നമായിരുന്നു വായനയെ സംരക്ഷിക്കുന്നതിനായി സർക്കാർ പ്രത്യേകനിയമം കൊണ്ടുവരികയെന്നത്. ■

# കുട്ടികളെ പേടിപ്പിക്കാൻ വരട്ടെ





**അനഘ എസ്. കല്യാണി**
എം.എ. ഡവലപ്മെന്റ് സ്റ്റഡീസ്,
എം.ജി. യൂണിവേഴ്സിറ്റി

ഭാരതീയസംസ്കാരത്തിൽ ദൈവത്തിനും മേലേ സ്ഥാനം കല്പിച്ചുനൽകിയിട്ടുള്ളവരാണ് മാതാപിതാക്കൾ. കുട്ടികളെ സൃഷ്ടിക്കുന്നവർ, സംരക്ഷിക്കുന്നവർ, ഭക്ഷണവും പാർപ്പിടവും തുടങ്ങി വേണ്ടതെല്ലാം നൽകുന്നവർ. അവർതന്നെയാണു കുട്ടികൾക്കുമേൽ ഏറ്റവും അവകാശമുള്ളവർ; സ്നേഹിക്കാൻ തുടങ്ങി ശിക്ഷിക്കാൻ വരെ. എന്നാൽ, തെറ്റിന്റെയും ശരിയുടെയും അതിരുകൾ തീരുമാനിക്കുന്നത് ഓരോ മാതാവും പിതാവും അവരുടെ യുക്തിക്കനുസൃതമായാണ്.

'പുഴു' എന്ന മമ്മൂട്ടിച്ചിത്രം ഇറങ്ങിയതോടെ 'ടോക്സിക് പേരന്റിങ്' പോലൊരു സീരിയസ് വിഷയത്തിന് അല്പം ചൂടുപിടിച്ചിട്ടുണ്ട്. ശരികൾ മാത്രം ചെയ്യുന്നവരാണു മാതാപിതാക്കൾ എന്നതാണ് നമ്മുടെ സമൂഹത്തിന്റെ പൊതുവായ ധാരണ. അതിനാൽത്തന്നെ, തങ്ങളുടെ തെറ്റുകൾ പലപ്പോഴും മനസ്സിലാക്കാൻ മാതാപിതാക്കൾക്കു കഴിയാതെ പോകാറുമുണ്ട്. മാതാപിതാക്കളുടെ കാരുണ്യത്തിൽ കഴിയുന്ന കുട്ടികൾ വളരുംതോറും അവരുടെ സ്വാതന്ത്ര്യത്തെക്കുറിച്ചു ചിന്തിച്ചുതുടങ്ങുന്നു, പതിയെ അവർ ചെറിയ രീതിയിൽ സ്വാതന്ത്ര്യപ്രഖ്യാപനവും നടത്തിത്തുടങ്ങുന്നു.

ഒരു കുട്ടി ജനിക്കുംമുമ്പുതന്നെ അവർ എങ്ങനെ വളരണം, എങ്ങനെ പെരുമാറണം, ഏതു വിഷയം പഠിക്കണം, എന്തു ജോലി ചെയ്യണം, എങ്ങനെയുള്ള ജീവിതപങ്കാളിയായിരിക്കണം എന്നുതുടങ്ങി എല്ലാം മനസ്സിൽ കണ്ടുവയ്ക്കുന്നവരാണ് എല്ലാ മാതാപിതാക്കളും. എന്നാൽ, കുട്ടികളും സ്വാതന്ത്ര്യം അർഹിക്കുന്നവരും ഇഷ്ടാനിഷ്ടങ്ങൾ ഉള്ളവരുമാണെന്നു മനസ്സിലാക്കാതെ, തങ്ങളുടെ പദ്ധതിപ്രകാരം ജീവിക്കാൻ മാതാപിതാക്കൾ വാശിപിടിക്കുന്നിടത്ത് ഒരു ടോക്സിക് പേരന്റ് ജനിക്കുന്നു. ഏതുവിധേനയും മക്കൾ അതനുസരിക്കാൻ കൊടിയ പീഡനം ഏല്പിക്കാനും മടിക്കില്ല. എല്ലാം കുട്ടിയുടെ നന്മയ്ക്ക് എന്നുള്ള വിശ്വാസത്തിൽ.

ലോകംകണ്ട ഏറ്റവും ക്രൂരനായ ഭരണാധികാരി അഡോൾഫ് ഹിറ്റ്ലർ, തന്റെ ബാല്യകാലത്ത് അച്ഛനിൽനിന്ന് അനുഭവിക്കേണ്ടിവന്ന പീഡനങ്ങൾമൂലമാണ് അങ്ങനെയായിത്തീർന്നതെന്നത്രേ ചരിത്രം. ശാരീരികോപദ്രവം = നല്ല നടപ്പ് എന്നതാണു മാതാപിതാക്കളുടെ ദേശീയ മുദ്രാവാക്യം.

അതുകൊണ്ടുതന്നെ, കുട്ടികൾ ഒരു ചെറിയ തെറ്റു ചെയ്താൽക്കൂടിയും സ്നേഹത്തോടെ പറഞ്ഞു മനസ്സിലാക്കാൻ മെനക്കെടാതെ ക്രൂരമായി മർദിക്കുന്ന മാതാപിതാക്കൾ നമുക്കു ചുറ്റുമുണ്ട്. ഇത്തരത്തിൽ കുട്ടികളെ ശിക്ഷിച്ച് അനുസരണ പഠിപ്പിക്കുന്നത് ടോക്സിക് പേരന്റിങ് ആണെന്ന് അവർക്കു മനസ്സിലാവാതെ പോകുന്നു. മാതാപിതാക്കളോടു ഭയം ഉണ്ടാക്കുക എന്നതാണ് മറ്റൊരു രീതി. മാതാപിതാക്കളോടുള്ള ഭയം കാരണം കുഞ്ഞുകാര്യങ്ങൾപോലും പറയാൻ കഴിയാതെ മനസ്സിലൊതുക്കി കഴിയുന്നതിലൂടെ ചില കുട്ടികളുടെയെങ്കിലും മാനസികനില തകരാറിലാവുന്നു.

കുറ്റം ചെയ്താൽ, കുറുമ്പുകാണിച്ചാൽ, പരീക്ഷയിൽ മാർക്കുകുറഞ്ഞാൽ, ഒന്നാമതെത്താതിരുന്നാലൊക്കെ കുട്ടിയോടു മോശമായി സംസാരിക്കുകയും ചീത്ത പറയുകയും ചെയ്യുന്നത് ടോക്സിക് പേരന്റിങ്ങിന്റെ മറ്റൊരു ലക്ഷണമാണ്. കൂടാതെ, കുട്ടിയെ ബോഡി ഷെയിം ചെയ്യൽ, മാനസികമായി തളർത്തുംവിധം 'നിന്നെക്കൊണ്ട് ഒന്നിനും കൊള്ളില്ല! തല കണ്ടതുമുതൽ തുടങ്ങി എന്റെ കഷ്ടകാലം' എന്നിങ്ങനെയുള്ള സംസാരങ്ങൾ ഒക്കെയും വളരെക്കാലത്തേക്ക് അല്ലെങ്കിൽ ജീവിതകാലം മുഴുവൻ അവരുടെ ആത്മവിശ്വാസം തകർക്കാൻ ഇടയുണ്ടാക്കുന്നുണ്ട്.

നല്ലതെന്ന ധാരണയിൽ ചെയ്തുകൂട്ടുന്നതൊക്കെ കുട്ടിയുടെ ഭാവിയെ എത്രമാത്രം ബാധിക്കുന്നുവെന്ന് ആരും ചിന്തിക്കുന്നില്ല. വീട്ടിൽ സമാധാനാന്തരീക്ഷമുണ്ടെങ്കിലേ കുട്ടിയും ആരോഗ്യത്തോടെ വളരുകയുള്ളൂ. അല്ലാത്തപക്ഷം അവർ സ്വയം നശിക്കാനും കുറ്റവാളികൾ ആകാനും മറ്റു വൈകല്യങ്ങൾ ഉണ്ടാകാനുമുള്ള സാധ്യത ഏറെയാണ്. എന്തുകാര്യവും തുറന്നു സംസാരിക്കാൻ പറ്റിയ നല്ല സുഹൃത്തുക്കളാകണം മാതാപിതാക്കൾ. അങ്ങനെയുള്ള തലമുറയ്ക്കേ കൃത്യമായ അഭിപ്രായങ്ങളും നിലപാടുകളും ഉണ്ടാവുകയുള്ളൂ. ■

# ലഹരിയിലമരുന്ന പുതുതലമുറ



**ജയകൃഷ്ണൻ വി.എസ്.**
സി.എം.എ. സ്റ്റുഡന്റ്
എ.എഫ്.പി. ബിസിനസ് സ്കൂൾ,
പാലാ



മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും ഉപയോഗം മുമ്പെങ്ങുമില്ലാത്തവിധം ഇന്ന് യുവജനങ്ങളുടെയിടയിൽ വർദ്ധിച്ചുവരികയാണ്. മാനവരാശിയുടെ നിലനില്പിനെത്തന്നെ ബാധിക്കുന്ന വിധത്തിൽ ഭയാനകമായാണ് ലഹരിയുപയോഗം പടർന്നുപിടിക്കുന്നത്. സ്കൂൾ വിദ്യാർത്ഥികൾപോലും മയക്കുമരുന്നിന്റെ കരാളഹസ്തങ്ങളിലമർന്നിരിക്കുകയാണ് എന്ന ക്രൂരസത്യം വേദനയോടെയാണെങ്കിലും നാം മനസ്സിലാക്കിയേ മതിയാവൂ. ഉന്നതവിദ്യാഭ്യാസമുള്ളവർതന്നെയാണ് കൂടുതലും ഈ ചതിക്കുഴിയിൽ പതിക്കുന്നതെന്നതും സത്യമാണ്.

കേവലം നിമിഷങ്ങളുടെ സുഖത്തിനും സന്തോഷത്തിനുംവേണ്ടി ഒരു മനുഷ്യായുസ്സിന്റെ സന്തോഷം മുഴുവൻ നശിപ്പിച്ചുകളയുകയാണ് ഇവർ ചെയ്യുന്നത്.

നിയമംമൂലം നിരോധിച്ചിട്ടുണ്ടെങ്കിലും ലഹരിയുപയോഗം നാട്ടിൽ അനുദിനം വർദ്ധിച്ചുവരികയാണ്. ഉപയോഗത്തിനും അനധികൃതകടത്തിനും എതിരായി 1987 മുതൽ ജൂൺ 26 ലോകലഹരിവിരുദ്ധദിനമായി ആചരിച്ചുവരുന്നു. അമിതലഹരിയുടെ ഉപയോഗത്തിൽനിന്നു യുവാക്കളെ ഉണർത്തുകയെന്നതാണ് ഈ ദിനം ലക്ഷ്യംവയ്ക്കുന്നത്. യുവാക്കളെ മയക്കുമരുന്നുപയോഗത്തിൽനിന്നു മുക്തമാക്കാൻ സമൂഹം നൽകുന്ന പിന്തുണ പ്രകടമാകുന്ന ദിവസം കൂടിയായാണ് ഈ ദിനം അടയാളപ്പെടുത്തുന്നത്.

യുവാക്കളും പ്രായപൂർത്തിയാകാത്ത കുട്ടികളുമാണ് പലപ്പോഴും ലഹരിയുപയോഗത്തിന് അടിമപ്പെടുന്നത്.

ലോക്ഡൗൺ സമയത്ത് മദ്യവും ലഹരിമരുന്നുകളും കിട്ടാതെ ആത്മഹത്യ ചെയ്തവരുടെ വാർത്തകൾ നമ്മൾ വലിയ ഞെട്ടലോടെയാണ് കേട്ടത്. 27 കോടിയിലധികം മനുഷ്യർ ലോകത്ത് ഇന്ന് ലഹരിക്ക് അടിമപ്പെട്ടിട്ടുണ്ടെന്നാണ് ഐക്യരാഷ്ട്രസഭയുടെ കണ്ടെത്തൽ.

ആഗോളവ്യാപകമായി ലഹരിക്കെതിരായ പ്രതിഷേധസമരങ്ങൾ സംഘടിപ്പിക്കുന്നുണ്ടെങ്കിലും ലഹരിയുടെ സ്വാധീനം യുവാക്കളിൽ ഇപ്പോഴും ആഴത്തിൽ തന്നെയുണ്ട് എന്നതിനു തെളിവാണ് ലോക്ഡൗണിൽ നാം കണ്ടത്. മയക്കുമരുന്നുപയോഗത്തെ എങ്ങനെ കൈകാര്യം ചെയ്യാമെന്നതിനെപ്പറ്റിയും അതുണ്ടാക്കുന്ന അപകടങ്ങളെക്കുറിച്ചും കൃത്യമായ നിർദേശങ്ങൾ അധികൃതരുടെ ഭാഗത്തുനിന്നുണ്ടാവണം. ബോധവത്കരണപരിപാടികളും ഡി അഡിക്ഷൻ പ്രോഗ്രാമുകളും കൃത്യമായ ഫോളോ അപ്പും ലഹരിയുപയോഗത്തിന്റെ നിയന്ത്രണത്തിന് അനിവാര്യമാണ്. ഇതിൽ നമുക്കെന്തു കാര്യം എന്നു ചിന്തിക്കാതെ, ഭാവിതലമുറയുടെ നന്മയ്ക്കായി നമുക്കും ഉണർന്നു പ്രവർത്തിക്കാം.

കവിത

# മലിനമീ നാട്



മലിനമാണിന്നീ ആറും തോടും
കാട്ടരുവിയോരങ്ങളും
മലീമസമായിടും പാതയോരങ്ങളും
മലിനജലം ഒഴുകുമീ ഓടകളും
മനുജനനൊരല്പം ചിന്തിച്ചീടുകിൽ
ദുർഗന്ധം നുകരേണ്ടതില്ലൊരുനാളും
മാലിന്യങ്ങളൊക്കെയും
തള്ളുവാനായൊരിടമോ പാതയോരം
ഒരിറ്റു ശുദ്ധവായുവിനായ്
കേണീടുന്നു സോദരർ
ദുർഗതിയിൽനിന്നും
മോചനം നേടുവാനായ്,
ഹരിതാഭമായൊരു
കേരളനാടിനായ്
ഒരു മനമായ് കൈകോർക്കാം
ഒരുമയൊടെന്നും



**അവന്തിക അഭിജിത്ത്**
8-ാം ക്ലാസ്
ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ
ചെമ്മലമറ്റം

Digital art



**ഫിലിപ് എസ്. വാലൂക്കാരൻ**
ബി.എ. ഇംഗ്ലീഷ്
സെന്റ് തോമസ് കോളജ്, പാലാ



# പുസ്തകം, വെറും സുഹൃത്തല്ല; ഉത്തമസുഹൃത്താണ്



**അജയ് കെ. ജോസഫ്**
ബി.എ. ഇംഗ്ലീഷ്
സെന്റ് തോമസ് കോളജ്, പാലാ

പി.എൻ. പണിക്കർ എന്നറിയപ്പെടുന്ന പുതുവായിൽ നാരായണപ്പണിക്കരുടെ ജന്മദിനമായ ജൂൺ 19 വായനദിനമായി നമ്മൾ ആചരിക്കുന്നു. 'വായിച്ചുവളരുക' എന്ന മുദ്രാവാക്യം സ്വജീവിതത്തിലൂടെ പ്രാവർത്തികമാക്കി, അനേകരെ വായനയുടെ പന്ഥാവിലേക്കു നയിച്ച ഒരു മഹത്വ്യക്തിയായിരുന്നു പി.എൻ. പണിക്കർ.

വായന മനസ്സിന്റെ ഭക്ഷണമാണ്. 'പുസ്തകത്തിലൂടെ വളരാത്തവൻ വെറും മൃഗമാണ്' എന്ന് വില്യം ഷെയ്ക്സ്പിയർ ചൂണ്ടിക്കാട്ടുന്നു. 'മനുഷ്യനെ വധിക്കുമ്പോൾ ചിന്തിക്കുന്ന ഒരു ജീവിയാണ് വധിക്കപ്പെടുന്നതെന്നും – നല്ലൊരു പുസ്തകം നശിപ്പിക്കുമ്പോൾ ചിന്തതന്നെ നശിപ്പിക്കപ്പെടുന്നു' എന്നും ജോൺ മിൽട്ടൻ എഴുതിയിട്ടുണ്ട്. എമേഴ്സൺ പറയുകയുണ്ടായി, 'ഒരു മഹാപുരുഷൻ ഒരു വലിയ വായനക്കാരനായിരിക്കും' എന്ന്.

മേലുദ്ധരിച്ച മഹത്വചനങ്ങളിലടെ 'വായന' ഒരു വ്യക്തിയുടെ ജീവിതത്തെ എത്രമാത്രം സ്വാധീനിക്കുന്നുവെന്നു നമുക്കു മനസ്സിലാക്കാം.

വായനശീലനം ആരംഭിക്കേണ്ടത് കുട്ടിക്കാലത്താണ്. കുട്ടികൾക്കു വായിച്ചാസ്വദിക്കാൻ ധാരാളം ബാലസാഹിത്യകൃതികളുണ്ട്. ഗ്രന്ഥപാരായണം വിദ്യാർത്ഥികൾ നിർബന്ധമായും ശീലിക്കേണ്ട ഒരു സ്വഭാവമാണ്. കൂടുതൽ അറിവു ലഭിക്കുന്നതിന് കൂടുതൽ ഗ്രന്ഥങ്ങൾ വായിക്കുകതന്നെ വേണം.

ചപ്പുചവറുകൾ വാരിക്കൂട്ടുന്നതുപോലെ എന്തും വായിച്ചുതള്ളുന്നതിൽ അർത്ഥമില്ല.

നെല്ലിൽ മണിയും പതിരും കാണുന്നതുപോലെ പുസ്തകങ്ങളുടെ കൂട്ടത്തിൽ നല്ലതും ചീത്തയും കാണും. അതിനാൽ നല്ല പുസ്തകങ്ങൾ മാത്രം വായിക്കുക. വായിക്കുന്ന പുസ്തകങ്ങളിൽനിന്നു പ്രധാനാശയങ്ങൾ കുറിച്ചുവയ്ക്കുന്ന രീതി വിദ്യാർത്ഥികളായ നമുക്കുണ്ടായിരിക്കണം. അത് ഭാവിയിൽ നമുക്കുപകരിക്കും. വായിച്ചതുകൊണ്ടു മാത്രം ആശയം നമ്മുടെ സ്വന്തമാവുകയില്ല. അത് മനനം ചെയ്യണം; അഥവാ വിശകലനം ചെയ്യണം. ചിന്തിക്കാനും മനനം ചെയ്യാനുമുള്ള കഴിവ് ശ്രേഷ്ഠജീവിയായ മനുഷ്യനു മാത്രമേയുള്ളൂ.

മാറ്റങ്ങളുടെ ഒരു ലോകത്തിലാണു നാം ജീവിക്കുന്നത്. എല്ലാ മേഖലകളിലും മാറ്റങ്ങൾ ദർശിക്കുന്നുണ്ട്. ഏറ്റവും വലിയ ഒരു മാറ്റം വിവരസാങ്കേതികവിദ്യയുടെ വളർച്ചയാണ്. എന്നാൽ, ഈ വളർച്ച വായനയെ തളർത്തുന്നുണ്ടോ? ചിന്തിക്കേണ്ടിയിരിക്കുന്നു.





ആറിയ കഞ്ഞി പഴങ്കഞ്ഞി എന്ന ചൊല്ല് പത്രവാർത്തകളെ സംബന്ധിച്ചിടത്തോളം അന്വർത്ഥമായിരിക്കുകയാണ്. പ്രഭാതപത്രങ്ങളിൽ അടിച്ചുവാരുന്ന കാര്യങ്ങൾ അതിനും എത്രയോ മുമ്പുതന്നെ ദൃശ്യമാധ്യമങ്ങൾ പ്രേക്ഷകരിൽ എത്തിച്ചിട്ടുണ്ടാകും.

എങ്കിലും, ചെറുപ്പകാലംമുതൽ പത്രവായന ശീലമാക്കിയ നമ്മുടെ മുതുമുത്തച്ഛന്മാർ ഒരു കൈയിൽ കടുംകാപ്പിയും മറുകൈയിൽ വർത്തമാനപ്പത്രവമായി നമ്മുടെ വീടിന്റെ ഉമ്മറത്തിരിക്കാറില്ലേ? ഇവരായിരിക്കണം വായനശീലത്തിൽ നമ്മുടെ മാതൃക. അനുദിനം ഒരു വർത്തമാനപ്പത്രമെങ്കിലും ഞാൻ വായിക്കും എന്ന് പ്രതിജ്ഞയെടുക്കാം.

'പുസ്തകം വെറും ഒരു സുഹൃത്തല്ല, ഒരുത്തമസുഹൃത്താണ്' എന്ന ഡോക്ടർ ജോൺസന്റെ വാക്കുകളെ നമ്മുടെ ജീവിതത്തിൽ സ്വായത്തമാക്കാം. ■

# വീണ്ടും ഒരു വസന്തം കാണാൻ



**സിറിൽ സജി**
ബി.എ. ഇംഗ്ലീഷ്
സെന്റ് തോമസ് കോളജ്
പാലാ

2022 ലെ ലോകപരിസ്ഥിതിദിനം നമ്മെ വരവേൽക്കുന്നത് 3.4 ദശലക്ഷം മനുഷ്യജീവൻ കവർന്ന കോവിഡ് മഹാമാരിയുടെ ഭീതിയിൽ മാത്രമല്ല, പല രൂപത്തിലും ഭാവത്തിലും ശക്തമായി തിരിച്ചടിച്ചുകൊണ്ട്. 'ഇനി അധികം സമയമില്ല' എന്ന പ്രകൃതിയുടെ ഭീതിദമായ മുന്നറിയിപ്പിന്റെ വെളിച്ചത്തിൽക്കൂടിയാണ്. 1972 ൽ ജൂൺ 5, പരിസ്ഥിതിപ്രശ്നങ്ങളെക്കുറിച്ച് അവബോധം ജനിപ്പിക്കാനും ഇതിനായി കർമപരിപാടികൾ ആസൂത്രണം ചെയ്യാനുമായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിക്കുകയായിരുന്നു. 1974 ൽ 'ഒരേയൊരു ഭൂമി' എന്ന ആശയത്തോടെ ആരംഭിച്ച ലോകപരിസ്ഥിതിദിനം, 48-ാം വർഷത്തിൽ നമ്മുടെ ആവാസവ്യവസ്ഥ, പുനഃസ്ഥാപിക്കുക എന്ന ആശയത്തിൽ എത്തിനിൽക്കുന്നു. ഭൂമി മനുഷ്യന്റെയല്ല, മനുഷ്യൻ ഭൂമിയുടേതാണ്, ഓരോ വ്യക്തിയും പ്രകൃതിയുടെ കാവലാളാണെന്ന തിരിച്ചറിവാണ് ഓരോ പരിസ്ഥിതിദിനത്തിലും നാം ഭൂമിക്കായി അർപ്പിക്കേണ്ട ഹരിതപ്രാർത്ഥന.

യാഥാർത്ഥ്യങ്ങൾ കയ്പുള്ളവയാണ്. കണക്കുകൾപ്രകാരം ഭൂമിയെ ആയിരം തവണ ആഗിരണം ചെയ്യാൻ സാധിക്കുന്നത്ര മാലിന്യങ്ങൾ നമ്മൾ ഉത്പാദിപ്പിക്കുന്നുണ്ട്. ഇരുപത് ഫുട്ബോൾ മൈതാനങ്ങൾക്കു സമാനമായ വിസ്തൃതിയിൽ ഓരോ മിനിട്ടിലും മനുഷ്യന്റെ കൈകൊണ്ട് കാട് വെട്ടിനശിപ്പിക്കപ്പെടുന്നു. പഠനങ്ങൾ വ്യക്തമാക്കുന്നത്, ഇങ്ങനെ പോയാൽ അടുത്ത നൂറു വർഷത്തിനുള്ളിൽ ഭൂമിയിൽനിന്നു കാട് പൂർണമായും അപ്രത്യക്ഷമാകുമെന്നാണ്. 41,415 തരം ജീവജാലങ്ങൾ കടുത്ത വംശനാശഭീഷണി നേരിടുന്നു. 1950 ൽ പ്രതിവർഷം 2 ദശലക്ഷം ടൺ പ്ലാസ്റ്റിക് ഉത്പാദനം എന്നത് 2015 ആയപ്പോഴേക്കും 419 ദശലക്ഷമായി വർദ്ധിച്ചു. ഏകദേശം പതിനൊന്നു ദശലക്ഷം ടൺ പ്ലാസ്റ്റിക്കാണ് ഓരോ വർഷവും സമുദ്രത്തിൽ എത്തുന്നത്. അതിലൂടെ ലക്ഷകണക്കിന് ജലജന്തുക്കളാണ് കൊല്ലപ്പെടുന്നത്. ലോകാരോഗ്യസംഘടനയുടെ കണക്കുപ്രകാരം ലോകത്ത് അതിതീവ്ര വായു മലിനീകരണം നേരിടുന്ന പന്ത്രണ്ട് നഗരങ്ങളിൽ പതിനൊന്നും ഇന്ത്യയിലാണ്. അഞ്ചു വയസ്സിൽ താഴെയുള്ള ഒരുലക്ഷം കുട്ടികളാണ് പ്രതിവർഷം വായുമലിനീകരണംമൂലം ഇന്ത്യയിൽ മരിക്കുന്നത്. രാജ്യത്തെ എൺപത്തിയാറ് ശതമാനം ജലവിഭവങ്ങൾ ഗുരുതരമലിനീകരണം നേരിടുന്നു.

'എവിടെത്തിരിഞ്ഞൊന്നും നോക്കിയാലും അവിടെല്ലാം പൂത്ത മരങ്ങൾ മാത്രം' എന്ന് ചങ്ങമ്പുഴ പാടിയിട്ടുണ്ട്. 'മഴുകൊണ്ടുണ്ടായുള്ള ഒരു നാടിത് മഴുകൊണ്ടില്ലാതാവുന്നു' എന്നാണ് കുഞ്ഞുണ്ണിമാഷ് പാടിയത്.

ആദ്യത്തെ കവിയുടെ പ്രതീക്ഷ നടപ്പാക്കുകയും രണ്ടാമത്തെ കവിയുടെ വിലാപം ഉൾക്കൊള്ളുകയും വേണം. കാലാവസ്ഥാവ്യതിയാനവും ആഗോളതാപനവും നേരിടാൻ ലോകരാജ്യങ്ങൾ അടിയന്തരശ്രദ്ധ കാണിച്ചില്ലെങ്കിൽ ഭൂമി വാസയോഗ്യമല്ലാതാവുമെന്ന മുന്നറിയിപ്പാണ് ശാസ്ത്രലോകം നൽകുന്നത്. പ്രകൃതിയെ മുറിവേല്പിക്കാതെയുള്ള സുസ്ഥിരവികസന ആശയങ്ങളിലേക്കു നിങ്ങേണ്ടത് കാലത്തിന്റെ അനിവാര്യതയാണ്. ഓരോ പരിസ്ഥിതിദിനത്തിലും സ്കൂളിൽനിന്നു ലഭിച്ചിരുന്ന ആ ഒരു തൈ നട്ടു വളർത്തി പരിപാലിക്കാൻ നമുക്കെല്ലാവർക്കും സാധിച്ചിരുന്നെങ്കിൽ കേരളം പണ്ടേ ഒരു വനമായി മാറുമായിരുന്നു. പ്രകൃതിയെക്കുറിച്ചു ചിന്തിക്കാൻ പരിസ്ഥിതിദിനം വരെ കാത്തിരിക്കേണ്ട ആവശ്യമില്ല. 'പ്രകൃതി അമ്മയാണ്. അമ്മയെ മാനഭംഗപ്പെടുത്തരുത്.'

## വായനയെക്കുറിച്ച് പ്രശസ്തരുടെ ഉദ്ധരണികൾ

ഒരു വായനക്കാരൻ മരിക്കുന്നതിനുമുമ്പ് ആയിരം തവണ ജീവിക്കുന്നു. ഒരിക്കലും വായിക്കാത്ത മനുഷ്യനു ലഭിക്കുന്നത് ഒരു ജീവിതംമാത്രം.
– ജോർജ് ആർ. മാർട്ടിൻ

❖❖❖❖

ജീവിതത്തിൽ സാധാരണക്കാരെക്കാൾ ഉയരാൻ ആഗ്രഹിക്കുന്നവർക്ക് വായന അത്യാവശ്യമാണ്.
– ജിം റോൺ

❖❖❖❖

എല്ലാ നല്ല പുസ്തകങ്ങളും വായിക്കുന്നത് കഴിഞ്ഞ നൂറ്റാണ്ടുകളിലെ ഏറ്റവും മികച്ച സംഭാഷണം പോലെയാണ്.
– ഡിസ്കാർട്ടസ്

## എന്റെ വര





**തോമസ് സാവൻ ജോൺസ്**
8-ാം ക്ലാസ്
ഡോൺ ബോസ്കോ സെൻട്രൽ സ്കൂൾ
പുതുപ്പള്ളി









